"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ - കേരളം (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ. വി. ശിവരാമകൃഷ്ണന്റെ പുനർനിയമന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (പ്ലാനിംഗ് ബി) വകുപ്പ്

സ.ഉ.(കൈ) നം.2/2025/AGRI തീയതി,തിരുവനന്തപുരം, 13-01-2025

പരാമർശം:-
1. 1. സ.ഉ (കൈ) നം.70/2023/കൃഷി തിയതി 06/08/2023.
2. 15/03/2024 തീയതിയിലെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൺസിൽ കേരളം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ VFPCK/CA1/GOK COMMUNICATION/2024/224നമ്പർ കത്ത്.

**ഉത്തരവ്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ - കേരളം (വി.എഫ്.പി.സി.കെ) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന് 13/06/2024 മുതൽ ഒരു വർഷ കാലയളവിലേക്ക് നിയമന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ശ്രീ.വി.ശിവരാമകൃഷ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൺസിൽ കേരളം, കൊച്ചി.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ&ഇ, കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ് .സി) വകുപ്പ് (ഇനം നം.2606, തീയതി 08.01.2025 പ്രകാരം)
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പെതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-PB2/96/2024)

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 13-01-2025 10:54:44
സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 08-01-2025**

ഫയൽ നം. കൃഷി-പിബി2/96/2024/കൃഷി. ഇനം നം: 2606

വിഷയം : കൃഷി വകുപ്പ് - ശ്രീ. വി. ശിവരാമകൃഷ്ണന് വി.എഫ്.പി.സി.കെ.-യിലെ സി.ഇ.ഒ. ആയി പുനർനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

# കേരള സർക്കാർ

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | കൃഷി – പിബി2/96/2024-കൃഷി |
| 2 | വകുപ്പ് | കൃഷി (പി.ബി) വകുപ്പ് |
| 3 | വിഷയം | ശ്രീ.വി.ശിവരാമകൃഷ്ണന് വി.എഫ്.പി.സി.കെ-യിലെ സി.ഇ.ഒ ആയി പുനർനിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09.12.2024 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii). സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, വിജിലൻസ് വകുപ്പ്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ . ബാലഗോപാൽ കെ കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ.ബി അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്ര ട്ടറി അംഗീകരിച്ച തീയതി | / 12/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി . ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | /12/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | / 12/ 2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | /12/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ ശിവരാമകൃഷ്ണന്റെ പുനർ നിയമനം 13.06.2024 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ വിവരിക്കുന്നത്.

2) 22.12.2021 തീയതിയിലെ സ.ഉ(സാധാ)നം.1045/2021/കൃഷി സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടറായ (പ്ലാനിങ്) ശ്രീ. വി.ശിവരാമകൃഷ്ണനെ കൃഷി വകുപ്പിന് കീഴിലുള്ള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

3) തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും 31.05.2022 ൽ വിരമിച്ച ശ്രീ.വി.ശിവരാമകൃഷ്ണന് ഒരു വർഷത്തേക്ക് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം GO(P) No.159/2016/Fin Dated 19.10.2016 ലെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി GO(Ms)No.53/2022/Agri Dated 13.06.2022 പ്രകാരം നിയമിച്ചിരുന്നു. ടിയാളുടെ സേവന കാലാവധി 12.06.2023 ന് അവസാനിച്ചതിനെ തുടർന്ന് 06.08.2023 ലെ G.O(Ms)No. 70/2023/Agri പ്രകാരം 13/06/2023 മുതൽ ഒരു വർഷ കാലയളവിലേക്ക് പുനർ നിയമന കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

4) തന്റെ വി എഫ് പി സി കെ യിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയിലെ കാലാവധി 12.06.2024 ന് അവസാനിക്കുന്നുവെന്നും തനിക്ക് പുനർ നിയമനം നൽകണമെന്നും ശ്രീ.ശിവരാമകൃഷ്ണൻ ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീ.വി.ശിവരാമകൃഷ്ണന് പുനർനിയമനം നൽകുന്ന വിഷയത്തിൽ ധനകാര്യ /വിജിലൻസ് വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

5) ധന വകുപ്പിൽ നിന്നും ലഭ്യമായ അഭിപ്രായം ചുവടെ ചേർക്കുന്നു.

" വി.എഫ്.പി.സി.കെ-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വി. ശിവരാമകൃഷ്ണന്റെ സേവനം തുടർന്നും വി.എഫ്.പി.സി.കെ-യിൽ അത്യന്താപേക്ഷിതമാണെന്ന് ഭരണവകുപ്പിനു ബോധ്യപ്പെടുന്ന പക്ഷം വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കിയതിനു ശേഷം ബഹു. മന്ത്രിസഭയുടെ അനുമതിയോടെ ടിയാന്റെ പുനർനിയമനം ഒരു വർഷ കാലയളവിലേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് ധന വകുപ്പിന് വിയോജിപ്പില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് കോമ്പീറ്റന്റ് അധികാരിയുടെ അംഗീകാരമുണ്ട്."

6) വിജിലൻസ് ( ബി ) വകുപ്പിൽ നിന്നും ലഭ്യമായ അഭിപ്രായം ചുവടെ കണ്ടാലും.

"കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) തസ്തികയിൽ നിന്നും വിരമിച്ചതും നിലവിൽ പുനർനിയമന വ്യവസ്ഥയിൽ വി.എഫ്.പി.സി.കെ -യിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്നതുമായ ശ്രീ. വി. ശിവരാമകൃഷ്ണന്റെ നിയമനകാലാവധി നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട് ടിയാനെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. കൂടാതെ തനിക്കെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന സത്യപ്രസ്താവന കൂടി ശ്രീ. വി. ശിവരാമകൃഷ്ണൻ -ൽ നിന്നും വാങ്ങി അനന്തര നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിന് നിർദേശം നൽകാവുന്നതാണ് ."

6. നിലവിൽ തനിക്കെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ല എന്ന സത്യപ്രസ്താവന ശ്രീ. വി. ശിവരാമകൃഷ്ണൻ സമർപ്പിച്ചിട്ടുണ്ട് .

7) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.വി.ശിവരാമകൃഷ്ണന്

പുനർനിയമനം നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ "***മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക, നിയമനം പബ്ലിക് എന്റർപ്രൈസസ് ബോർഡ് വഴിയാക്കുന്നതു പരിഗണിക്കുക***" എന്നു ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് .

<u>തീരുമാനിക്കേണ്ട വിഷയം</u>

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന് 13.06.2024 മുതൽ ഒരു വർഷ കാലയളവിലേക്ക് പുനർനിയമനം ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കാമോ?

3/12

23/12

23/12/24

23/12

23/12

27/12

23/12/24.